ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി കേരള സ്പോർട്സ് കമ്മീഷൻ ചെയർമാനായിരുന്ന ശ്രീ. എ. കെ. പാണ്ഡ്യയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ചുമതല പ്പെടുത്തുകയുണ്ടായി. ശ്രീ. എ. കെ. പാണ്ഡ്യ കായിക സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച പദ്ധതി രൂപരേഖ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ

261 (1989) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും, ആ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സം നീക്കാൻ നിയമനിർമ്മാണം വേണ്ടിവരുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളിസ്ഥലവികസനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേന്ദ്രഗവൺമെന്റിൽ നിന്നും കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇതുവരെ എന്തു തുക ലഭിച്ചുവെന്നും, എന്തു തുക ചെലവിട്ടുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദേശീയ ഗെയിംസിനു വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

1. നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം

2. പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കായിക താരങ്ങൾക്കും മറ്റു ഒഫീഷ്യലുകൾക്കും താമസ സൗകര്യമൊരുക്കലും.

സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ബന്ധപ്പെട്ട് കേരളത്തിലെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 32 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റു 4 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ് ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ 4 ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം അന്യൂറ്റി അടിസ്ഥാനത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ മുഖേന 8 കമ്പനികളുടെ ചുരുക്കപട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരത്തെ ആക്കുളത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനായി നിയമനിർമ്മാണം നടത്തേണ്ട ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കായിക യുവജനകാര്യ കാര്യാലയം വഴി 5,36,92,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കളിസ്ഥല നവീകരണ/നിർമ്മാണത്തിനായി സ്പോർട്സ് കൗൺസിൽ ഇതേവരെ 6,26,78,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) കളിസ്ഥല വികസനത്തിനായി ലഭിച്ചിരുന്ന 50% കേന്ദ്ര സഹായ പദ്ധതി 2005 ഏപ്രിൽ 1 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

35-ാമത് നാഷണൽ ഗെയിംസിനായി 110 കോടി രൂപ കേന്ദ്രം അനുവദിക്കുകയും 1-ാം ഗഡുവായി 55 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 3 കോടി രൂപ ഒറ്റത്തവണ അധിക കേന്ദ്രസഹായമായും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 6.69 കോടി രൂപ 30-1-2011-വരെ ചെലവഴിച്ചുണ്ട്. കേന്ദ്ര യുവജന കായിക മന്ത്രാലയം ആവിഷ്ക്കരിച്ചുള്ള 'പൈക്ക' പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന് ഇതേവരെ 11,75,90,000 രൂപ ലഭച്ചിട്ടുണ്ട്. പ്രസ്തുതതുകയിൽ 7,52,04,500 രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

ഇടുക്കി, വയനാട് മലയോര ജില്ലകൾക്ക് പ്രത്യേക സ്പോർട്സ് പാക്കേജ്

262 (1990) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, വയനാട് എന്നീ മലയോരജില്ലകൾക്ക് കളിസ്ഥലനിർമ്മാണം, സ്പോർട്സ് ഹോസ്റ്റലുകൾ അനുവദിക്കൽ, സ്പോർട്സ് ഹോസ്റ്റലുകളിൽ കൂടുതൽ കളിയിനങ്ങൾ അനുവദിക്കൽ, കായികപരിശീലനം നടത്തൽ, ജില്ലയിൽ വെച്ച് സ്പോർട്സ് ഹോസ്റ്റൽ തെരഞ്ഞെടുപ്പ് നടത്തുക തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക സ്പോർട്ട്സ് പാക്കേജ് അനുവദിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly